**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.28 28/10/2019-ൽ മറുപടിക്ക്

**അർബുദ ചികിത്സ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി. സി.കെ.ആശ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) | സംസ്ഥാനത്തെ അർബുദ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തി അർബുദം മൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ; | എ) | സംസ്ഥാനത്ത് അർബുദ ചികിത്സ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലോകാരോഗ്യ സംഘടനാ, സംസ്ഥാനത്തെ പ്രധാന കാൻസർ ചികിത്സാ കേന്ദ്രങ്ങൾ, സ്വകാര്യ ആശുപത്രികളിലെ വിദഗ്ധന്മാർ എന്നിവരുമായി സഹകരിച്ചുകൊണ്ട് "കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി" എന്ന ബൃഹത് പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. 2017 മുതൽ 2030 വരെയുള്ള കാലയളവിൽ കാൻസർ ചികിത്സയിലും കാൻസർ പ്രതിരോധത്തിലും നാം എങ്ങനെ മുന്നേറണം എന്ന് പ്രതിപാദിക്കുന്ന ഒരു ബൃഹത് രേഖയാണിത്.<br><br>ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ കാൻസർ ചികിത്സയുടെ മികവിന്റെ അടിസ്ഥാനത്തിൽ നാലായി തരം തിരിക്കുകയും ഓരോന്നിനും പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ത്രിതല സംവിധാനം വഴിയുള്ള ക്യാൻസർ രോഗ നിർണ്ണയവും ചികിത്സയുമാണ് ഇപ്പോൾ സംസ്ഥാനത്ത് നടത്തിവരുന്നത്. റീജണൽ ക്യാൻസർ സെന്റർ, കോച്ചിൻ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, സർക്കാർ മെഡിക്കൽ കോളേജുകളിലെ ക്യാൻസർ വിഭാഗങ്ങൾ, എറണാകുളം ജി.എച്ച് മുതലായ ആശുപത്രികളിലെ ക്യാൻസർ വിഭാഗങ്ങൾ വഴിയാണ് രോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നത്. മെഡിക്കൽ കോളേജുകളിലെ ക്യാൻസർ വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി വിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലെയും ക്യാൻസർ വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗങ്ങൾ എന്നിവ ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും തുടർച്ചയായി നടത്തിവരുന്നു.<br><br>ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സാ |

| | | | |
|---|---|---|---|
| | | | ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകി വരികയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി വരുന്നു.<br><br>അർബുദ ചികിത്സാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്.<br><br>എറണാകുളം ജില്ലയിൽ ജില്ലാ സമഗ്ര കാൻസർ നിയന്ത്രണപരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കാൻസർ രജിസ്റ്ററി, കാൻസർ രോഗം നേരത്തെ കണ്ടു പിടിക്കൽ അതിനോടൊപ്പം തന്നെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC) എന്നീ ആശുപത്രികളിൽ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് കാൻസർ രോഗ നിർണ്ണയം നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി വിജയമാകുന്ന പക്ഷം സംസ്ഥാനം മുഴുവൻ ഏകീകരിച്ച് മുന്നേറാൻ സാധിക്കും.<br><br>മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ മറ്റെല്ലാ ചികിത്സാ സൗകര്യങ്ങളും നിലവിലുണ്ട്.<br><br>അതോടൊപ്പം തന്നെ സർക്കാർ-സ്വകാര്യ മേഖലയിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് യാഥാർഥ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| ബി) | അർബുദ രോഗബാധ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പി.എച്ച്.സി.കളിൽ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ; | ബി) | നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവ പ്രാരംഭ ദശയിൽ തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശാമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗ വിവര ശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനാൽ കാൻസർ രോഗലക്ഷണമുള്ളവരെ മുൻഗണന ക്രമത്തിൽ കാൻസർരോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | സർക്കാർ, സ്വകാര്യ മേഖലകളിലെ അർബുദ ചികിത്സാ കേന്ദ്രങ്ങളെ ഒറ്റ ഗ്രിഡിനുള്ളിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഗുണഫലങ്ങൾ വിശദമാക്കുമോ; | സി) | ഉണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നതോടെ ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളും ഒരു ശൃംഖലയ്ക്കുള്ളിൽ അണി ചേർക്കുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ കാൻസർ രോഗികളുടെയും രോഗവിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ഒരു സമ്പൂർണ്ണ രജിസ്ട്രി തയ്യാറാക്കുന്നതിനും സഹായകരമാവുകയും ചെയ്യുന്നു. |
| ഡി) | ക്യാൻസർരജിസ്ട്രി തയ്യാറാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ; | ഡി) | കേരളത്തിൽ കാൻസർ രോഗികൾ വർധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് കേരള ഗവൺമെന്റ് കേരള കാൻസർ രജിസ്ട്രി സ്ഥാപിക്കുന്നതിനായി കർമ്മ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കാൻസർ രജിസ്ട്രികൾ കൂടാതെ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ കാൻസർ രോഗികളുടെ വ്യക്തമായ കണക്കുകൾ ശേഖരിക്കുന്നതിനായി റീജിയണൽ കാൻസർ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് അനുസരിച്ച് തിരുവനന്തപുരം കാൻസർ രജിസ്റ്ററി 2017 മുതൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ കാൻസർ രോഗികളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നുണ്ട്. ഇത് കൂടാതെ മേൽ പറഞ്ഞ 5 ജില്ലകളിൽ നിന്നും കാൻസർ രോഗം മൂലം മരണപ്പെടുന്ന രോഗികളുടെ ഡാറ്റ ബേസും (ഏതു വയസ്സിൽ, ഏതു കാൻസർ മൂലമാണ് മരണപ്പെട്ടത് ) തയാറാക്കി വരുന്നു. ദേശീയ കാൻസർ രജിസ്ട്രിയുടെ മെതഡോളജിക്ക് അനുസൃതമായാണ് റീജിയണൽ കാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.<br>2) മലബാർ കാൻസർ സെന്റർ 2010 മുതൽ ഇവിടെ വരുന്ന രോഗികളെ കേന്ദ്രീകരിച്ച് Hospital Based Cancer Registry (HBCR) ആരംഭിക്കുകയും ഇതിനോടകം 6 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ, കാസർഗോഡ്, എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് മലബാർ കാൻസർ സെന്റർ, 2014 |

ജനുവരി മുതൽ മലബാർ കാൻസർ രജിസ്ട്രി, മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്റ്ററി (MBPCR) എന്ന പേരിൽ നടത്തിപ്പിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായുള്ള ഓരോ ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായുള്ള ഈ കമ്മറ്റിയുടെ കൺവീനർ മലബാർ കാൻസർ സെന്ററിന്റെ ഡയറക്ടറാണ്. മലബാർ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രിയുടെ പ്രഥമ റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ട്. ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി ആരംഭിച്ച് 4 വർഷമായ അവസരത്തിൽ മലബാർ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രികോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേക്ക് വ്യാപിപ്പിച്ചു ഇതിന്റെ ഭാഗമായുള്ള വിവര ശേഖരണം ജനുവരി 2018 ന് ആരംഭിച്ചു. ജനുവരി 2018 മുതൽ പുതുതായി അർബുദം കണ്ടെത്തിയവരുടെയും, അർബുദം മൂലം മരണമടഞ്ഞവരുടെയും വിവരങ്ങളാണ് ശേഖരിക്കുക.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും തൃശ്ശൂർ മെഡിക്കൽ കോളേജിലും ICMR ന്റെസഹകരണത്തോടെ HBCR (Hospital Based Cancer Registry) ആശുപത്രിയെ അടിസ്ഥാനമാക്കിയുള്ള കാൻസർ രജിസ്ട്രി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഈ കാൻസർ രജിസ്ട്രി തുടങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

3) കൊച്ചി കാൻസർ റിസർച്ച് സെന്ററിനെ (CCRC ) മധ്യകേരളത്തിലെ ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ കാൻസർ രജിസ്റ്ററി വിവരങ്ങൾ ശേഖരിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ